ഭിച്ചിട്ടുണ്ട്. പരമാവധി കശുവണ്ടി ഇറക്കുമതി ചെയ്തും തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടികൾ എടുത്തുവരുന്നുണ്ട്.

53 (219) അതിരപ്പള്ളി ജലവൈദ്യുത പദ്ധതി

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പള്ളി വെള്ളച്ചാട്ട ടൂറിസ്റ്റ് കേന്ദ്രത്തിൽ നയാഗ്രാ മാതൃകയിലുള്ള ജലവൈദ്യുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കുമോ;

(സി) ഇത്തരമൊരു പദ്ധതി മൂന്നു വർഷംകൊണ്ട് പൂർത്തിയാക്കാമെന്ന് കനേഡിയൻ വിദഗ്ദ്ധർ സംസ്ഥാന അധികൃതരെ അറിയിച്ചിട്ടുണ്ടോ;

(ഡി) കനേഡിയൻ ഓഫർ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പദ്ധതിക്കുവേണ്ടി വരുന്ന ചെലവ് എത്രയായിരിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) കനേഡിയൻ സർക്കാരോ കമ്പനികളോ ഈ പദ്ധതിക്ക് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(ജി) പദ്ധതികൊണ്ട് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) അതിരപ്പള്ളി വിനോദ സഞ്ചാര കേന്ദ്രത്തിൽ പ്രകൃതിദത്തമായ വെള്ളച്ചാട്ടം നിലനിർത്തക്കവിധത്തിൽ ഒരു ജല വൈദ്യുത പദ്ധതി ബോർഡ് വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്ര വൈദ്യുത വകുപ്പിന്റെ ടെക്നോ ഇക്കണോമിക് ക്ലിയറൻസും കേന്ദ്ര പരിസ്ഥിതിവനം മന്ത്രാലയത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമായി എൻവയോൺമെന്റൽ ക്ലിയറൻസും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കു വേണ്ട 138.6 ഹെക്ടർ വനഭൂമി വിട്ടുതരുന്നതിന് കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ എൻവയോൺമെന്റൽ ഇംപാക്ട് അസ്സസ്മെന്റ് പഠനം കഴിഞ്ഞു. പദ്ധതി നടത്തിപ്പിനുള്ള ദർഘാസുകൾ തയ്യാറാക്കുന്ന ജോലികൾ അതിന്റെ അവസാന ഘട്ടത്തിലാണ്. ഈ പദ്ധതിക്കാവശ്യമായ വനഭൂമിക്ക് പകരമായി 286 ഹെക്ടർ ഭൂമിയിൽ വനവൽക്കരണം നടത്തുന്നതിന് 1,46,76,000 രൂപ വനം വകുപ്പിന് കൊടുത്തിട്ടുണ്ട്.

(സി) ഇത്തരമൊരു അറിയിപ്പ് ലഭിച്ചതായി കാണുന്നില്ല.

(ഡി) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുതുക്കിയ പ്രോജക്ട് റിപ്പോർട്ടുപ്രകാരം 1996-ലെ P.W.D. ഷെഡ്യൂൾ അടിസ്ഥാനമാക്കി ഈ പദ്ധതിക്കു 315.90 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(എഫ്) ഇല്ല.

(ജി) 163 മെഗാവാട്ട്.

54 (220) കാലപ്പഴക്കം ചെന്ന ജലവൈദ്യുത പദ്ധതികൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്ന ജലവൈദ്യുത പദ്ധതികൾ നവീകരിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ നവീകരണത്തിനുള്ള കരാർ ഏത് കമ്പനിക്കാണ് നൽകിയത്; കരാറിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ;

(സി) ഈ കരാർ പ്രകാരം കമ്മീഷൻ ഇനത്തിൽ എന്തെങ്കിലും തുക വൈദ്യുതി ബോർഡിന് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) എസ്.എൻ.വി. എന്ന കനേഡിയൻ കമ്പനി സംസ്ഥാന വൈദ്യുത പദ്ധതിയ്ക്ക് സാങ്കേതികോപദേശം നൽകിയ വകയിൽ അധിക തുക അനുമതിയില്ലാതെ കൈപ്പറ്റി എന്നത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നിലവിലുള്ള കാര്യം ഗവൺമെന്റിനറിവുണ്ടോ;

(ഇ) പ്രാഥമിക അന്വേഷണത്തിൽ ക്രമവിരുദ്ധമായി പണം പറ്റി എന്ന ആരോപണത്തിന് വിധേയമായ ഒരു കമ്പനിക്ക് അന്വേഷണം പൂർത്തിയാക്കി കുറ്റവിമുക്തമാക്കും മുമ്പ് പുതിയ കോൺട്രാക്ട് നൽകുന്ന കീഴ്വഴക്കം വൈദ്യുതി ബോർഡിൽ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(എഫ്) എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനിയ്ക്ക് വൈദ്യുതി ഭവനിൽ ഓഫീസ് സൗകര്യം നൽകിയിട്ടുണ്ടോ;

(ജി) എങ്കിൽ ഏത് കരാർപ്രകാരമാണ് ഈ സൗകര്യം അനുവദിച്ചു നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) പ്രസ്തുത കരാറിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ;

(ഐ) എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനി ഇതേവരെ വൈദ്യുതി ബോർഡിന് നൽകിയ സേവനത്തിന്റെ വിശദാംശം നൽകുമോ; ഇതിന് നൽകിയ പ്രതിഫലത്തിന്റെ വിവരം വെളിപ്പെടുത്തുമോ;

(ജെ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ കമ്പനിയുടെ ക്ഷണമനുസരിച്ച് കാനഡ സന്ദർശിച്ചിട്ടുള്ളവരുടെ വിശദവിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly